**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1397** **04-07-2022 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിൽ ഉപരിപഠനത്തിനുള്ള അവസരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2022 ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ മലപ്പുറം ജില്ലയിൽ നിന്ന് എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്; അർഹത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും മലപ്പുറം ജില്ലയിൽ തന്നെ ഉപരിപഠനത്തിന് അവസരം ലഭ്യമാക്കിയിട്ടുണ്ടോ; ആയതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ നിന്ന് 77691 (എഴുപത്തേഴായിരത്തി അറുനൂറ്റി തൊണ്ണൂറ്റിയൊന്ന്) വിദ്യാർത്ഥികൾ 2022 ലെ എസ്.എസ്.എൽ.സി. പരീക്ഷയിൽ ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ടെങ്കിലും സീറ്റിന്റെ അപര്യാപ്തത നിലവിലില്ല. ഈവർഷം കഴിഞ്ഞ വർഷത്തെ പോലെ സീറ്റ് ലഭ്യമാകുന്നതിനാൽ ആകെ 67106 (അറുപത്തേഴായിരത്തി ഒരുനൂറ്റി ആറ്) സീറ്റുകൾ ജില്ലയിൽ ഉണ്ടായിരിക്കുന്നതാണ്. ജയിച്ച എല്ലാ വിദ്യാർത്ഥികളും ഹയർ സെക്കന്ററി കോഴ്സുകൾ ഉപരിപഠനത്തിന് തെരഞ്ഞെടുക്കുന്നില്ല എന്നതാണ് കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. അതനുസരിച്ച് ശരാശരി 58506 (അൻപത്തി എട്ടായിരത്തി അഞ്ഞൂറ്റി ആറ്) വിദ്യാർത്ഥികൾ മാത്രമേ ഹയർസെക്കന്ററി കോഴ്സുകൾ ഉപരിപഠനത്തിന് തെരഞ്ഞെടുക്കാൻ സാധ്യതയുള്ളൂ. |
| (ബി) | പ്രസ്തുത ജില്ലയിൽ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് മേഖലകളിലായി ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിൽ എത്ര സീറ്റുകളാണ് നിലവിലുള്ളത് ; വിശദവിവരം ലഭ്യമാക്കാമോ; | (ബി) | <u>ഹയർ സെക്കന്ററി</u><br><br>സർക്കാർ - 31395 (മുപ്പത്തൊന്നായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി അഞ്ച്)<br><br>എയ്ഡഡ് - 24310 (ഇരുപത്തിനാലായി രത്തി മുന്നൂറ്റിപത്ത്)<br><br>അൺ-എയ്ഡഡ് - 11401 (പതിനൊന്നായിരത്തി നാനൂറ്റി ഒന്ന്)<br><br>ആകെ - 67106 (അറുപത്തേഴായിരത്തി ഒരുനൂറ്റി ആറ്)<br><br><u>വൊക്കേഷണൽ ഹയർ സെക്കന്ററി</u> |

| | | | |
|---|---|---|---|
| | | | സർക്കാർ - 2580 (രണ്ടായിരത്തി അഞ്ഞൂറ്റി എൺപത്)<br><br>എയ്ഡഡ് - 210 (ഇരുനൂറ്റി പത്ത് )<br><br>ആകെ - 2790 (രണ്ടായിരത്തി എഴുനൂറ്റി തൊണ്ണൂറ്) |
| (സി) | പ്രസ്തുത ജില്ലയിൽ ഹയർസെക്കണ്ടറിക്ക് പുതിയ ബാച്ചുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | (സി) | സംസ്ഥാനത്തെ പ്ലസ് വൺ അഡ്മിഷൻ നടപടികൾ ആരംഭിച്ചിട്ടില്ല. അഡ്മിഷൻ നടപടികൾ ആരംഭിച്ച ശേഷം സംസ്ഥാനത്തെ സ്ഥിതിഗതികൾ അവലോകനം ചെയ്ത് പ്ലസ് വൺ സീറ്റുകൾക്ക് അപര്യാപ്തത ഉണ്ട് എന്ന് വ്യക്തമായാൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഡി) | മുഴവൻ വിഷയങ്ങളിലും എ+ നേടിയ വിദ്യാർത്ഥികൾക്കും, ഉപരിപഠനത്തിന് അർഹത നേടിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കും അവർ ആവശ്യപ്പെടുന്ന വിഷയങ്ങൾക്ക് ആവശ്യപ്പെടുന്ന വിദ്യാലയങ്ങളിൽ തന്നെ അഡ്മിഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | പ്രവേശന മാനദണ്ഡമനുസരിച്ച് മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്നതാണ്. 40%-ൽ കുറയാത്ത ഡിസബിലിറ്റി ഉണ്ടെന്നു തെളിയിക്കുന്ന അംഗീകൃത മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റുള്ള വിദ്യാർത്ഥികൾക്ക് അവർ ആവശ്യപ്പെടുന്ന വിദ്യാലയത്തിലും കോഴ്സിലും പ്രവേശനം ഉറപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ